**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5593** **15-03-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂരിൽ ഹജ്ജ് എംബാർക്കേഷൻ ക്യാമ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഹജ്ജ് തീർത്ഥാടകർക്കായി സംസ്ഥാന സർക്കാർ സബ്സിഡിയോ മറ്റ് ആനുകൂല്യങ്ങളോ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഹജ്ജ് തീർത്ഥാടകർക്കായി നിലവിൽ സബ്സിഡികൾ ഒന്നും തന്നെ നല്കി വരുന്നില്ല. എന്നാൽ ഹജ്ജ് ട്രെയിനിങ് ക്ലാസുകൾ, കുത്തിവയ്പ്പ്, വിപുലമായ ഹജ്ജ് ക്യാമ്പ് തുടങ്ങി തീർത്ഥാടനം കഴിഞ്ഞു മടങ്ങി വരുന്നത് വരെയുള്ള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേനയുള്ള ഹാജിമാരുടെ എല്ലാ സേവനങ്ങളും സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന നടപ്പിലാക്കിവരുന്നു. |
| (ബി) | ഈ വർഷം കണ്ണൂരിൽ ഹജ്ജ് എംബാർക്കേഷൻ ക്യാമ്പ് ആരംഭിക്കുന്നതിന്റെ മുന്നോടിയായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഈ വർഷം കണ്ണൂർ എയർ പോർട്ട് ഹജ്ജ് എംബാർകേഷൻ പോയിന്റ് ആയി പ്രഖ്യാപിച്ച സാഹചര്യത്തിൽ 14-02-2023- ന കണ്ണൂർ എയർപോർട്ട് അതോറിറ്റിയുമായി സ്ഥലം എം.എൽ.എ.-യുടെ സാനിധ്യത്തിൽ ആദ്യ യോഗം കൂടിയിരുന്നു. കൂടാതെ 21-02-2023-ന തിരുവനന്തപുരത്ത് വിളിച്ചുചേർത്ത ഹജ്ജ് റിവ്യൂ യോഗത്തിലെ നിർദ്ദേശ പ്രകാരം കണ്ണൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ സർക്കാർ ഏജൻസികളുടെ വിപുലമായ മീറ്റിംഗ് 06-03-2023-ന കണ്ണൂർ കളക്ടറേറ്റിൽ ചേരുകയും വിവിധ വകുപ്പുകളുടെ ഏകോപനം സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. ഹജ് ക്യാമ്പ് വിജയിപ്പിക്കുന്നതിലേക്ക ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.<br><br>10-03-2023-ന് കണ്ണൂർ എയർപോർട്ടിൽ ഹജ്ജ് കമ്മിറ്റിയുടെയും, എയർപോർട്ട് അതോറിറ്റിയുടെയും, വിവിധ സർക്കാർ വകുപ്പുകളുടെയും രണ്ടാമതൊരുയോഗം, സ്ഥലം എം.എൽ.എ., തദ്ദേശ സ്ഥാപനങ്ങളിലെ അധികാരികൾ എന്നിവരുടെ |

| | | | |
|---|---|---|---|
| | | | **സാന്നിധ്യത്തിൽ കൂട്ടുകയും വിവിധ തയ്യാറെടുപ്പുകൾ വിലയിരുത്തുകയുമുണ്ടായി.** |

സെക്ഷൻ ഓഫീസർ